**<u>15 -ാം കേരള നിയമസഭ</u>**

**<u>4 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 324</u>** **<u>22-02-2022 - ൽ മറുപടിയ്ക്ക്</u>**

**<u>തൊഴിലുറപ്പ് പദ്ധതി</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. എൻ. ജയരാജ്,<br>ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ശ്രീ പ്രമോദ് നാരായൺ** | | **Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഗ്രാമീണ തൊഴിൽ മേഖലകളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പങ്ക് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ കുടുംബങ്ങൾക്ക് തൊഴിൽ ഉറപ്പാക്കുന്നതിന് തൊഴിലുറപ്പ് പദ്ധതിയ്ക്ക് കഴിഞ്ഞിട്ടുണ്ട്. കോവിഡിനെ തുടർന്നുള്ള ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ ഉണ്ടായ തൊഴിൽ നഷ്ടം പരിഹരിക്കുന്നതിനു പുറമെ ഗ്രാമീണ കുടുംബങ്ങൾക്ക് ഉപജീവന ആസ്തികൾ നിർമ്മിച്ച് നൽകുന്നതിനും പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. 2020-21, 2021-22 വർഷങ്ങളിൽ തൊഴിലെടുത്ത കുടുംബങ്ങളുടെ എണ്ണം, സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടെ എണ്ണം, നൽകിയ മൊത്തം കൂലി തുക, 100 ദിനം തൊഴിലെടുത്ത കുടുംബങ്ങളുടെ എണ്ണം തുടങ്ങിയ വിശദാംശങ്ങൾ അനുബന്ധം-I ആയി ചേർക്കുന്നു. |
| (ബി) | തൊഴിലുറപ്പ് പദ്ധതിക്കുള്ള കേന്ദ്ര വിഹിതം ലഭിക്കുന്നതിൽ കാലതാമസം നേരിടാറുണ്ടോ; എങ്കിൽ എത്ര തുക നിലവിൽ കുടിശ്ശിക ഉണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. 15.02.2022 വരെ അവിദഗ്ദ്ധ വേതനയിനത്തിൽ 376 കോടി രൂപയും മെറ്റീരിയൽ ഇനത്തിൽ 170 കോടി രൂപയും കുടിശ്ശികയുണ്ട്. വേതന ഇനത്തിലെ കുടിശ്ശികയിൽ പട്ടിക ജാതി വിഭാഗത്തിനുള്ള 137.32 കോടി രൂപയും പട്ടിക വർഗ്ഗ വിഭാഗത്തിനുള്ള 16.15 കോടി രൂപയും ഉൾപ്പെടുന്നു. |
| (സി) | 2022-23 ലെ കേന്ദ്ര ബജറ്റിൽ തൊഴിലുറപ്പ് പദ്ധതിക്കായുള്ള കേന്ദ്ര വിഹിതത്തിൽ കുറവ് വന്നിട്ടുണ്ടോ; എങ്കിൽ അത് സംസ്ഥാനത്തെ തൊഴിൽ മേഖലയെ ഏതൊക്കെ നിലയിൽ ബാധിക്കുമെന്ന് പഠനം നടത്തുമോ; | (സി) | ഉണ്ട്. 2019-20 മുതൽ 2022-23 വരെയുള്ള ബജറ്റുകളിലെ വകയിരുത്തലിന്റെ വിശദാംശം അനുബന്ധം-II ആയും 2019-20 മുതൽക്കുള്ള വർഷങ്ങളിൽ സംസ്ഥാനം അംഗീകരിച്ച് നൽകിയ ലേബർ ബജറ്റിന്റേയും സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടേയും വിവരം അനുബന്ധം-III ആയും ചേർക്കുന്നു. കേന്ദ്ര വിഹിതത്തിൽ കുറവ് വരുന്ന സാഹചര്യത്തിൽ ഇത് തൊഴിൽ മേഖലയെ ഏതൊക്കെ നിലയിൽ ബാധിക്കുമെന്ന കാര്യം പഠന വിധേയമാക്കുന്നത് പരിഗണിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകയിൽ സംസ്ഥാനത്ത് എല്ലാ വിഭാഗം തൊഴിലുകളും ഉൾപ്പെടുത്തി തൊഴിൽ ബാങ്ക് രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; ഇപ്രകാരം രൂപീകരിക്കുന്ന തൊഴിൽ ബാങ്ക് മുഖേന സർക്കാർ കരാറുകൾ അടക്കമുള്ള തൊഴിലുകൾ ഏറ്റെടുക്കുന്നത് പ്രസ്തുത തൊഴിൽ ബാങ്കിൽ ഉള്ളവർക്ക് സഹായകമാകുമെന്നതിനാൽ അതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | നല്ല നിർദ്ദേശമാണ്, പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം I</u>**

| ഇനം | വർഷം | |
|---|---|---|
| | 2020-21 | 2021-2022 (19.02.2022 വരെ) |
| തൊഴിൽ എടുത്ത കുടുംബങ്ങളുടെ എണ്ണം | 16,17,425 | 15,87,699 |
| സൃഷ്ടിച്ച തൊഴിൽ ദിനങ്ങളുടെ എണ്ണം | 10,22,99,651 | 8,76,84,200 |
| ആകെ നൽകിയ കൂലി | 3000,37,41,000 (3000 കോടി) | 2631,64,64,000 (2631 കോടി) |
| 100 ദിവസം തൊഴിലെടുത്ത കുടുംബങ്ങളുടെ എണ്ണം | 4,70,410 | 1,62,149 |
| തൊഴിൽ ചെയ്ത പട്ടികജാതി കുടുംബങ്ങളുടെ എണ്ണം | 2,83,070 | 2,80,695 |
| തൊഴിൽ ചെയ്ത പട്ടിക വർഗ്ഗ കുടുംബങ്ങളുടെ എണ്ണം | 73,954 | 76,387 |

**അനുബന്ധം-II**

| Year | Actual Budget (in crore) | Revised Budget (in crore) | Difference (3-2) (in crore) | Expenditure (in crore) |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 2019-20 | 60000 | 71002 | 11002 | 68,265,97 |
| 2020-21 | 61500 | 111170 | 49670 | 105535.98 |
| 2021-22 | 73000 | 98000 | 25000 | 89,572.82 |
| 2022-23 | 73,000 | | | |

**അനുബന്ധം-III**

| **വർഷം** | **സംസ്ഥാനം അംഗീകരിച്ച് നൽകിയ തൊഴിൽ ദിനങ്ങൾ** | **സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ** | **ചെലവഴിച്ച തുക (ലക്ഷത്തിൽ)** |
|---|---|---|---|
| 2019-20 | 9.51 കോടി | 8.02 കോടി | 270254.59 |
| 2020-21 | 10.01 കോടി | 10.22 കോടി | 386772.48 |
| 2021-22 | 10.98 കോടി | 8.76 കോടി(ഇത് വരെ) | 353705.69(ഇത് വരെ) |